പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3106 19-06-2018 - ൽ മറുപടിക്ക്

## അഗ്രോ പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീമതി. സി.കെ. ആശ | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതു കൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ; | (എ) | കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനും ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുകയാണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | കാർഷിക ഉല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനായുള്ള സംരംഭങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള സഹായമാണ് അഗ്രോപാർക്കുകൾ മുഖേന നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള സംരംഭങ്ങൾക്ക് നിർമ്മാണത്തിനും വിപണനത്തിനുമുള്ള സ്ഥലസൗകര്യങ്ങൾ, നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക മുതലായ സഹായങ്ങളാണ് അഗ്രോ പാർക്ക് മുഖേന ലഭ്യമാക്കുന്നത്. |
| (ഡി) | അഗ്രോ പാർക്ക് കേരളത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ കാർഷിക വിഭവങ്ങളുടെ സംസ്ക്കരണത്തിനാണ് പ്രസ്തുത അഗ്രോപാർക്ക് സ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഈ സാമ്പത്തിക വർഷത്തിൽ ആദ്യപടിയായി കോക്കനട്ട്, ബനാന, ഹണി, മാംഗോ, വെജിറ്റബിൾ എന്നിവയുടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായമായി 100 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ